# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 372** — **04/06/2018-ൽ മറുപടിയ്ക്ക്**

## ക്യാൻസർ രോഗികൾക്കുള്ള മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.മമ്മൂട്ടി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** ക്യാൻസർ രോഗികൾക്കുള്ള മരുന്നിന്റെ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് കുറഞ്ഞ ചെലവിൽ ആവശ്യമായ മരുന്ന് ഉൽപ്പാദിപ്പിക്കുവാൻ കെ.എസ്.ഡി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മരുന്നുകളാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇവ ഓരോന്നിനും നിലവിലുള്ള മാർക്കറ്റ് വില എത്രയാണ്; | **എ)** ക്യാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.യ്ക്ക് പ്രാഥമികമായി, 2018-19 ലെ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാൻസർ രോഗികൾ കൂടുതലായി ഉപയോഗിക്കുന്നതും പേറ്റന്റ് കാലാവധി കഴിഞ്ഞതുമായ മരുന്നുകളാണ് ഇവിടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |
| **ബി)** പ്രസ്തുത മരുന്നുകൾ കെ.എസ്.ഡി.പി. വഴി ഉൽപ്പാദിപ്പിക്കുമ്പോൾ മാർക്കറ്റ് വിലയെക്കാൾ എത്ര ശതമാനം വരെ വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കുമോ; | **ബി)** കാൻസർ മരുന്നുകൾ നിലവിലെ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുവാൻ സാധിക്കുന്നതാണ്. വിശദാംശങ്ങൾ ഉല്പാദനം നടക്കുന്ന മുറയ്ക്ക് തീരുമാനിക്കുന്നതാണ്. |
| **സി)** കെ.എസ്.ഡി.പി. വഴി ഉൽപ്പാദനം നടത്തുന്ന ഈ മരുന്നുകൾ പൊതുവിപണിയിൽ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | **സി)** കെ.എസ്.ഡി.പി. ഉൽപാദിപ്പിക്കുന്ന കാൻസർ മരുന്നുകൾ പൊതുവിപണിയിൽ ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| **ഡി)** ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധചെലുത്തുമോ? | **ഡി)** ഇത്തരം മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**